**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4194** **28-06-2024 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയിൽ നിന്ന് അതിദരിദ്രരായ ഒരാളും പുറത്താകുന്നില്ലെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സ്വന്തം അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി അഞ്ച് വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നിലവിലെ സർക്കാരിന്റെ ആദ്യ ക്യാബിനറ്റ് തീരുമാനം പ്രകാരം ആരംഭിച്ചതാണ് ‘ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി '.<br><br>മുൻ വർഷങ്ങളിൽ നടന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടവരിൽ അതിദാരിദ്ര്യം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്ന കുടുംബങ്ങളെയും വ്യക്തികളെയും തിരിച്ചറിയുന്നതിനായി 2021 ജൂലൈയിൽ അതിദാരിദ്ര്യ നിർണയ പ്രക്രിയയ്ക്ക് തുടക്കം കുറിച്ചു.<br><br>ഓരോ വാർഡിലും ഒരു ഓഫീസറും രണ്ട് സന്നദ്ധപ്രവർത്തകരും അടങ്ങുന്ന ടീമുകൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, ക്ലസ്റ്റർ തലത്തിലുള്ള കൂടിയിരിപ്പുകൾ, പൊതുജന പങ്കാളിത്തം തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ഈ പ്രക്രിയയുടെ ആദ്യഘട്ടം വിജയകരമായി പൂർത്തീകരിച്ചു.<br><br>**<u>പ്രീ-എന്യൂമറേഷൻ</u>** - യോഗ്യത തെളിയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായ പരിശോധനകൾക്ക് വിധേയമാക്കി യോഗ്യരായ ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് തദ്ദേശസ്ഥാപന തലത്തിൽ പട്ടികപ്പെടുത്തി.<br><br>**<u>എന്യൂമറേഷൻ</u>** - മേൽപ്പറഞ്ഞ പരിശോധന പ്രക്രിയയിൽ, ഓരോ കുടുംബങ്ങളും സന്ദർശിച്ച് പ്രത്യേകമായി വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷന്റെയും വെബ് പോർട്ടലിന്റെയും സഹായത്തോടെ അവരുടെ ക്ലേശഘടകങ്ങൾ |

| | | | |
|---|---|---|---|
| | | | ശേഖരിക്കുകയും പരിശോധിക്കുകയും സാധൂകരിക്കുകയും ചെയ്തു.<br><br>**<u>സൂപ്പർച്ചെക്ക്</u>** - ശേഖരിച്ച വിവരങ്ങളുടെ കൃതൃത ഉറപ്പാക്കുന്നതിനായി 20 % വിവരങ്ങൾ സുപ്പർച്ചെക്ക് നടത്തി.<br><br>തുടർന്ന് കരട് പട്ടികകൾ അതത് തദ്ദേശസ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ, പരാതികൾ എന്നിവ പരിശോധിച്ച് തീർപ്പാക്കിയ ശേഷം അന്തിമ ഗുണഭോക്തൃ പട്ടികകൾ ഗ്രാമ/വാർഡ് സഭകളുടെ അംഗീകാരത്തോടെ അന്തിമമാക്കി. അത്തരത്തിൽ സംസ്ഥാനത്ത് 1032 തദ്ദേശസ്ഥാപനങ്ങളിലായി ആകെ 64006 കുടുംബങ്ങളിൽപ്പെട്ട 103099 വ്യക്തികളെ കണ്ടെത്തുകയും അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കുടുംബങ്ങളെ കണ്ടെത്തിയത്. |
| (ബി) | ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | 1. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി<br>2. ആശ്രയ പദ്ധതി<br>3. ലൈഫ് മിഷൻ<br>4. കുടുംബശ്രീ പദ്ധതികൾ |
| (സി) | അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി പ്രസ്തുത കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതിയുടെ ആദ്യ വർഷത്തിൽ പ്രത്യേക ശ്രദ്ധ കൊടുത്തത് ഏറ്റവും പ്രധാനപ്പെട്ട ക്ലേശഘടകങ്ങളായ ഭക്ഷണം, ആരോഗ്യം എന്നിവയ്ക്കാണ്. അത് കൊണ്ട് തന്നെ 2023 നവംബർ 1-ന് മുമ്പ് അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരായ 30658 കുടുംബങ്ങളിൽ ഏറിയ പങ്കും ഭക്ഷണം, ആരോഗ്യം എന്നീ ക്ലേശഘടകങ്ങളാൽ ബുദ്ധിമുട്ട് നേരിട്ടവർ ആയിരുന്നു. ബാക്കിയുള്ള കുടുംബങ്ങളുടെ പ്രധാന ക്ലേശ ഘടകങ്ങൾ പാർപ്പിടം, വരുമാനം എന്നിവയാണ്.<br><br>2024-2025 സാമ്പത്തിക വർഷത്തിൽ ഭക്ഷണം, ആരോഗ്യം, എന്നീ ക്ലേശഘടകങ്ങളിൽ നിന്ന് മുക്തരായവർക്ക് സ്ഥിരമായി ഭക്ഷണവും ആരോഗ്യ സഹായവും ഉറപ്പാക്കുന്നതോടൊപ്പം പാർപ്പിടം, വരുമാനം എന്നി ക്ലേശഘടകങ്ങൾ മൂലം കഷ്ടത അനുഭവിക്കുന്നവരെ അവയിൽ നിന്ന് മുക്തരാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>വരുമാനം ഇല്ലാതെ കഷ്ടത അനുഭവിച്ചിരുന്ന 1724 കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾ |

കൂടുതൽ ഊർജ്ജിതമാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ 'ഉജ്ജീവനം' എന്ന പേരിൽ സമഗ്ര പദ്ധതി ആരംഭിച്ചിട്ടുണ്ട്.

അടച്ചുറപ്പുള്ള വാസസ്ഥലം ഇല്ലാതെ ബുദ്ധിമുട്ടുന്ന അതിദരിദ്ര കുടുംബങ്ങളിൽ വീട് മാത്രം ആവശ്യമുള്ള 2930 കുടുംബങ്ങളും വസ്തുവും വീടും ആവശ്യമുള്ള 1531 കുടുംബങ്ങളും നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത വീട് മാത്രം ആവശ്യമുള്ള 5670 കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള 5536 കുടുംബങ്ങളെയും പ്രത്യേക സർക്കാർഉത്തരവ് പ്രകാരം ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകി വരുന്നു. ഇതിൽ നാളിത് വരെ 1768 വീടുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. 1744 വീടുകൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ ഭവന പുനരുദ്ധാരണം ആവശ്യമുള്ള 2575 കുടുംബങ്ങൾക്ക് ആയതിനുള്ള ധനസഹായം ലഭ്യമാക്കിയിട്ടുമുണ്ട്.

ഇതോടൊപ്പം, 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ഭിന്ന ശേഷി കാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽ കാർഡ് പോലെയുള്ള അവകാശ രേഖകളും, ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തര സേവനങ്ങളും ലഭ്യമാകാതെയിരുന്ന 26744 കുടുംബങ്ങൾക്ക് ആയവ നൽകുവാൻ സാധിച്ചു.

2023-24, 2024-25 വർഷത്തിലും പുതിയ അദ്ധ്യയന വർഷാരംഭത്തിൽ അതിദരിദ്ര പട്ടികയിലുൾപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 14 മുതൽ 16 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കുള്ള പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, യൂണിഫോം, പഠനോപകരണങ്ങൾ മുതലായവക്കുള്ള ധനസഹായങ്ങൾ, കലാ കായിക പ്രവർത്തനങ്ങൾക്കുള്ള ധനസഹായങ്ങൾ മുതലായ പിന്തുണ സംവിധാനങ്ങൾ ഒരുക്കി പഠന പ്രവർത്തനങ്ങളിൽ ടി കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ അതിദരിദ്ര പട്ടികയിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കെ.എസ്,ആർ.ടി.സി / പ്രൈവറ്റ് ബസുകളിലേക്കുള്ള 1747 യാത്രാപാസ്സുകൾ വിതരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | അതിദരിദ്ര പട്ടികയിലുൾപ്പെട്ട അനാഥരായ കുട്ടികൾക്ക് സ്കോളർഷിപ്പ് / സ്റ്റൈപ്പന്റ് നൽകുന്നതിനായി സാമൂഹ്യ നീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ അതിദരിദ്ര പട്ടികയിലുൾപ്പെട്ട പത്താം ക്ലാസ്സ് പാസ്സായ എല്ലാ കുട്ടികൾക്കും തൊട്ടടുത്ത സ്കൂളിൽ +1 -ന് അഡ്മിഷൻ ഉറപ്പാക്കിയിട്ടുണ്ട്.<br><br>അതിദരിദ്ര പട്ടികയിലുൾപ്പെട്ട അനാഥരായ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനായുള്ള നടപടികൾ, വനിതാ ശിശു വികസന വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ എന്നീ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ